(ബി) 10-1-2013-ൽ പൂർത്തിയാക്കാനാണ് കരാർ കാലാവധി. കരാറുകാരന് 11-3-2012-ന് വർക്ക് നൽകിയെങ്കിലും ടി കാലാവധിക്കുള്ളിൽ 65% പണികൾ മാത്രമേ ടിയാന് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. സമയപരിധി കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ വർക്കിന്റെ കരാർ റദ്ദ് ചെയ്ത് ശേഷിക്കുന്ന പണികൾ റീ-ടെണ്ടർ ചെയ്ത് തോമസ് ഡൊമിനിക് എന്ന കരാറുകാരന് 25-2-2015-ൽ 6 മാസത്തെ കാലാവധിയിൽ നൽകിയിട്ടുണ്ട്.

(സി) മുൻ കരാറുകാരൻ വരുത്തിയ കാലതാമസമാണ് നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം. ആയതിനാൽ ഇപ്പോഴത്തെ കരാറുകാരൻ സമയ ബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ കെ.പി.എച്ച്.സി.സി. സ്വീകരിച്ച് വരികയാണ്.

തോക്ക് ലൈസൻസ്

138 (1843) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വയരക്ഷയ്ക്കും കൃഷി സംരക്ഷണത്തിനുമായി എത്ര പേർക്ക് തോക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ലൈസൻസ് ലഭ്യമായവരുടെ കണക്ക് ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) പുതിയ തോക്ക് ലൈസൻസ് നൽകുന്നതിനും പഴയവ പുതുക്കുന്നതിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്വയരക്ഷയ്ക്കും കൃഷി സംരക്ഷണത്തിനുമായി സംസ്ഥാനത്ത് 8191 ആയുധ ലൈസൻസുകൾ നിലവിലുണ്ട്.

(ബി)	തിരുവനന്തപുരം	310
	കൊല്ലം	190
	പത്തനംതിട്ട	480

996/2018.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ	126
കോട്ടയം	1603
ഇടുക്കി	42
എറണാകുളം	1633
തൃശ്ശൂർ	473
പാലക്കാട്	83
മലപ്പുറം	769
കോഴിക്കോട്	228
വയനാട്	148
കണ്ണൂർ	738
കാസർഗോഡ്	982

(സി) ഇന്ത്യൻ ആയുധ നിയമം 1959, ചട്ടങ്ങൾ 1962 എന്നിവയ്ക്കും കേന്ദ്ര സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ആയുധനയങ്ങൾക്കും വിധേയമായാണ് സംസ്ഥാനത്ത് ലൈസൻസുകൾ അനുവദിക്കുകയും പുതുക്കി നൽകുകയും ചെയ്യുന്നത്. ആയുധ ലൈസൻസ് അനുവദിക്കൽ/ പുതുക്കൽ അപേക്ഷകളിന്മേൽ പോലീസ്, റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ വ്യക്തമായ ശിപാർശയുടെ അടിസ്ഥാനത്തിലാണ് തീരുമാനം കൈക്കൊള്ളുന്നത്. കൂടാതെ, അപേക്ഷകന്റെ ജീവന് നേരിടുന്ന ഭീഷണിയുടെ വെളിച്ചത്തിലാണ് സ്വയരക്ഷയ്ക്കുള്ള ആയുധ ലൈസൻസ് അനുവദിക്കുന്നത്.

പോലീസ് വകുപ്പിലെ ഡ്രൈവർ പി.എസ്.സി. റാങ്ക് ലിസ്റ്റ്

139 (1844) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള പോലീസ് വകുപ്പിലെ ഡ്രൈവർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ് ;

(ബി) ഇതുവരെ എത്ര വേക്കൻസി റിപ്പോർട്ട് ചെയ്തെന്നും എത്രപേർക്ക് അഡ്വൈസ് മെമ്മോ നൽകിയെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly